III. അടിയന്തിരപ്രമേയം

ആർ. എസ്. എസ്. കാർ മാർക്സിസ്റ്റു പാർട്ടി പ്രവർത്തകരെ ആക്രമിക്കുന്നതിനെ സംബന്ധിച്ച്

മി. സ്പീക്കർ: ഇന്നലെ രാത്രി തലശ്ശേരി താലൂക്കിൽ പിണറായി പഞ്ചായത്തിൽ ഏരുവെട്ടി വില്ലേജിൽ ഒരു സംഘം ആളുകൾ മാർക്സിസ്റ്റു പാർട്ടി പ്രവർത്തകരെ ആക്രമിച്ചതിന്റെ ഫലമായി രാധാകൃഷ്ണൻ എന്നു പറയുന്ന ഒരു മാർക്സിസ്റ്റു പാർട്ടി പ്രവർത്തകൻ മരണമടയുകയും മറ്റു രണ്ടു പ്രവർത്തകൻമാർ അപകട നിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തതിനെ തുടർന്ന് അവിടെ നിലവിലിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതി വിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാ നടപടികൾ നിറുത്തി വയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. എം. വി. രാഘവൻ, ശ്രീ. പിണറായി വിജയൻ എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ, ഇന്നലെ എട്ടേമുക്കാൽ മണിക്ക് മാർക്സിസ്റ്റു പാർട്ടി പ്രവർത്തകനായ രാധാകൃഷ്ണനും അദ്ദേഹത്തിന്റെ സുഹൃത്തുക്കളായ രാജനും ബാലനുംകൂടി പുല്ലാട്ടുകാവ് അമ്പലത്തിൽ പോയി മടങ്ങി വരവേ അവരെ എട്ടാളുകൾ ചേർന്ന് ആക്രമിക്കുകയും രാധാകൃഷ്ണൻ കൊല്ലപ്പെടുകയും ചെയ്തു. മറ്റു രണ്ടാളുകൾക്കും സാരമായ പരിക്ക് ഏറ്റിട്ടുണ്ട്. അവർ ആശുപത്രിയിൽ കഴിയുകയാണ്. രാജന്റെ പരാതി പ്രകാരം പോലീസ് കേസ് അന്വേഷിക്കുകയും കേസ് റജിസ്റ്റർ ചെയ്യുകയും ചെയ്തു. അന്നു തന്നെ വൈകീട്ട് ഒമ്പതര മണിയോടുകൂടി ആർ.എസ്.എസ്. പ്രവർത്തകനായ മറ്റൊരാളെ മാർക്സിസ്റ്റു പാർട്ടി പ്രവർത്തകരായ ഏതാനും ആളുകൾകൂടി ഉപദ്രവിക്കുകയും അതിൽ ഒരാൾ കഠിനമായ പരിക്കുകളോടുകൂടി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയുംചെയ്തു. ആദ്യത്തെ സംഭവത്തിൽ മരണമടഞ്ഞതും മുറിവു പറ്റിയതുമായ ആളുകൾ മാർക്സിസ്റ്റു പാർട്ടി പ്രവർത്തകൻമാരാണ്. അവരെ ആക്രമിച്ചത് ആർ.എസ്.എസ്.കാരാണ്. അന്നു വൈകീട്ടു തന്നെ അഞ്ചു മണിയോടുകൂടി മറ്റൊരു ബഹളത്തിൽ മുറിവേറ്റതും അപകടത്തിൽ ആശുപത്രിയിൽ കിടക്കുന്നതും ആർ. എസ്. എസ്. പ്രവർത്തകനാണ്. അതിൽ ആക്രമിച്ചു എന്നു പറയപ്പെടുന്നവർ മാർക്സിസ്റ്റു പാർട്ടി പ്രവർത്തകൻമാരാണ്. കൊല ചെയ്യപ്പെട്ട രാധാകൃഷ്ണൻ കഴിഞ്ഞ വർഷം നടന്ന മറ്റൊരു കൊലക്കേസ്സിലെ പ്രതിയാണ്. അതിലെ ഏതാനും ആളുകൾ ഈ സംഭവത്തിലും ഉൾപ്പെട്ടിട്ടുണ്ട്. ആർ. എസ്. എസ് പ്രവർത്തകൻമാരും മാർക്സിസ്റ്റു പാർട്ടിപ്രവർത്തകൻമാരും തമ്മിലുള്ള ഈ സംഘട്ടനത്തെ തുടർന്നുണ്ടായ വഴക്കാണ് ഇതിനു കാരണമെന്നാണ് ഉദ്ദേശിക്കുന്നത്. ഇപ്പോഴത്തെ ഈ സംഭവം ഉണ്ടായശേഷം ഡി. എസ്. പി. സ്ഥലത്തു് എത്തുകയും കൂടുതൽ പോലീസുകാരെ ആ സ്ഥലത്തു് എത്തിക്കുകയും ഈ രണ്ടു കേസിൽപ്പെട്ട പ്രതികളുടെയും പേരിലുള്ള കേസുകൾ ഊർജ്ജിതമായി അന്വേഷിക്കുകയും ചെയ്തു. അവിടത്തെ സ്ഥിതിഗതികൾ ശാന്തമാക്കാൻ ആവശ്യമായ പോലീസ് വിഭാഗത്തെ അവിടെ എത്തിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞു. ഇപ്പോഴും അവിടത്തെ സ്ഥിതിഗതികളും നിയന്ത്രണാധീനമായിട്ടുണ്ട്. അതോടൊപ്പം ജഗന്നാഥക്ഷേത്രത്തിലും ഇതുപോലുള്ള സംഭവങ്ങളും ഉണ്ടാകാതിരിക്കാൻ കർശനമായ, ഫലപ്രദമായ നടപടികളും എടുത്തിട്ടുണ്ട്. ഈ കേസിനെ സംബന്ധിച്ചിടത്തോളം ഊർജ്ജിതമായി അന്വേഷിച്ചിട്ടുണ്ട്. ഈ കേസ് ക്രൈം ബ്രാഞ്ചിനു വിട്ടുകൊടുത്തിട്ടുണ്ട്. വളരെ വേഗത്തിൽ കുറ്റവാളികളെ കണ്ടുപിടിച്ച് ഈ കേസ് മുന്നോട്ടുകൊണ്ടുപോകുന്നതാണ്. ഈ സംഭവം ഉണ്ടായ ഉടനെ തന്നെ കർശനമായ നടപടികളും എടുത്തു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഒരു പ്രത്യേക ചർച്ചയ്ക്കുവേണ്ടി സഭാനടപടികൾ നിറുത്തി വയ്ക്കണമെന്ന് എനിക്ക് അഭിപ്രായമില്ല.

ശ്രീ. എം. വി. രാഘവൻ: സർ, പ്രത്യേക ചർച്ച വേണമെന്നില്ല, ഇങ്ങനെ ആളുകളെ മരിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്ന് ദിവസേന ഈ മന്ത്രി ഇവിടെ മറുപടി പറയുകയാണ്. സാധാരണഗതിയിൽ തിരകാണുന്നതിന് പുല്ലാട്ടുകാവ് അമ്പലത്തിൽ പോയി തിരിച്ചു വന്ന മൂന്നാളുകളെ ആർ. എസ്. എസ്. ഗുണ്ടകളും ആക്രമിച്ചു കൊലപ്പെടുത്തിയത് ആർ. എസ്. എസ്. കാരും മാർക്സിസ്റ്റുകാരും തമ്മിലുള്ള രാഷ്ട്രീയ സംഘർഷത്തിന്റെ ഭാഗമാണെന്നു മന്ത്രി ചിത്രീകരിച്ചതുകൊണ്ടായില്ല. ആയുധപരിശീലനവും ആയുധം കൊണ്ടുള്ള പ്രകടനവും തടയുന്നുണ്ടെന്നു പറയുകയും ആയുധ പരിശീലനം സാധാരണ തലശ്ശേരിക്കു ചുറ്റുപാടും നടക്കുന്നത് പോലീസ് ഉദ്യോഗസ്ഥൻമാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും എടുക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത്. വർഗ്ഗീയ ശക്തിയായ ആർ. എസ്. എസ്. നെ എതിർക്കുന്ന മാർക്സിസ്റ്റു പാർട്ടി പ്രവർത്തകൻമാരുടേയും അതിലെ തൊഴിലാളികളുടേയും ജീവന് രക്ഷയില്ലാത്ത ഒരു സ്ഥിതിയുണ്ട്. ആയുധ പരിശീലനം നടത്തുക, ആയുധമെടുത്ത് ആരേയും ആക്രമിച്ചു കൊലപ്പെടുത്തുക. അതൊരു തത്വശാസ്ത്രവും പരിപാടിയുമായിട്ട് ആർ. എസ്. എസ്. ഗുണ്ടകൾ പ്രവർത്തിക്കുന്നുണ്ട്. അതു തടയാൻ ഗവൺമെന്റ് തയ്യാറാകാതിരിക്കുക, പോലീസ് തയ്യാറാകാതിരിക്കുക, ഇതൊരു രാഷ്ട്രീയ സംഘട്ടനമാണെന്നു പറയുക, ക്രൈം ബ്രാഞ്ചാണ് അന്വേഷിക്കുക, ക്രൈം ബ്രാഞ്ചാണ് കുറ്റം തെളിയിക്കുന്നത് എന്നു പറയുക. ഈ ക്രൈം ബ്രാഞ്ച് കരിം ബ്രാഞ്ചായിത്തീർന്നിരിക്കുകയാണ്. കരുണാകരന്റെ കാലത്തെ കരിം ബ്രാഞ്ചാണ് ഇത്. ക്രൈം ബ്രാഞ്ചിനെക്കൊണ്ട് ഇവിടെ ഒന്നും നടക്കാൻ പോകുന്നില്ല. ഇവിടെ ജീവനും സ്വത്തിനും രക്ഷയില്ല. ആളുകൾക്കു വഴി നടന്നുകൂടാ. ഞങ്ങൾ എന്തു ചെയ്യണമെന്നാണ് മുഖ്യമന്ത്രി പറയുന്നത്. ഒന്നുകിൽ ആയുധമെടുത്ത് പ്രകടനം നടത്തുകയും ആളുകളെ ആക്രമിക്കുകയും ചെയ്യുന്ന ഈ ശക്തികളെ നിലയ്ക്കു നിറുത്തുക. അതിന് ഇവിടെ ഒരു ഗവൺമെന്റ് ഉണ്ടായെന്ന് പറയണം. അല്ലെങ്കിൽ ഈ ഗുണ്ടകളേയും പോലീസിനേയും നേരിടാൻ ആയുധമെടുക്കാൻ ഞങ്ങളും തയ്യാറാകും. ഇവിടെ നിയമമുണ്ടോ, നിയമസമാധാനമുണ്ടോ, ഇവിടെ ഒരു ഗവൺമെന്റുണ്ടോ? മനുഷ്യനു വഴി നടക്കാൻ സാധിക്കുമോ? സ്വയംരക്ഷയ്ക്കു വേണ്ടി ഞങ്ങൾ ആയുധമെടുക്കണമോ? അങ്ങനെ വന്നാൽ ഈ ആർ. എസ്. എസ്. ഗുണ്ടകൾക്കെതിരായി അവരെ നേരിടാൻ വേണ്ടി ഞങ്ങളും ആയുധമെടുക്കും. ആർ. എസ്. എസ്. ന് പോലീസുകാരുടെ പ്രോൽസാഹനമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിലെ ഉൽസവത്തിനു കുഴപ്പമുണ്ടാക്കാൻ കുറെ ആളുകളും, ആർ. എസ്. എസ്. ഗുണ്ടകളും ശ്രമിക്കുന്നു എന്നു പറഞ്ഞപ്പോഴും അത് സംഘട്ടനമാണെന്നു പറയുക, സംഘട്ടനമുണ്ടാകുമെന്നു പറയുക, എന്നിട്ട് രണ്ടു കൂട്ടരുടേയും പേരിൽ കേസ് സെടുക്കുക. ഇതാണ് തലശ്ശേരിയിൽ നടക്കുന്നത്. തലശ്ശേരിയിൽ ഇതിനു മുമ്പ് രണ്ടാളുകളെ ആക്രമിച്ചു കൊലപ്പെടുത്തി. എന്നിട്ട് അതിനെതിരായി പോലീസ് ഫലപ്രദമായ നടപടി എടുത്തില്ല. പോലീസ് കുറ്റകരമായ അനാസ്ഥയാണ് കാണിക്കുന്നത്. അതുകൊണ്ട് ഒന്നുകിൽ ഗവൺമെൻറ് ഈ സായുധ ഗുണ്ടകളെ നിലയ്ക്കു നിറുത്തണം. അല്ലെങ്കിൽ ആയുധമെടുത്തുതന്നെ ഈ ഗുണ്ടകളെ ചെറുക്കാൻ ഞങ്ങളും തയ്യാറാകും. ഞങ്ങൾക്ക് ദിവസേന മരിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഈ കാര്യത്തെപ്പറ്റി ഒരു ചർച്ച വേണം. ഇത് ദിവസേന അടിയന്തിരപ്രമേയമെന്നു പറഞ്ഞു ഞങ്ങളും സംസാരിക്കും, അവിടെ കൊലപാതകങ്ങളും നടക്കുകയും ചെയ്യും. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് ചർച്ച ചെയ്യണം. അവിടെ നിയമസമാധാനം പാലിക്കുന്ന കാര്യത്തിൽ ഗവൺമെൻറ് പരാജയപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഇതു ചർച്ച ചെയ്യണം.

ശ്രീ. പിണറായി വിജയൻ: സർ, മൂന്നാമത്തെ മരണമാണ് അവിടെ നടക്കുന്നത്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ഒരാൾ സംസാരിച്ചല്ലോ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, പിണറായി എന്ന സ്ഥലത്താണ് ഈ സംഭവം നടന്നത്.

ശ്രീ. കെ. നാരായണക്കുറുപ്പ്: ഈ സംഭവത്തെത്തുടർന്ന് കർശനമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പോലീസിന്റെ ഭാഗത്തു നിന്നും യാതൊരു അലസതയും ഉണ്ടായിട്ടില്ലെന്നുറപ്പു പറയാൻ ഞാനാഗ്രഹിക്കുന്നു. അങ്ങനെയല്ലായിരുന്നെങ്കിൽ സ്ഥിതി കുറെക്കൂടെ വഷളാകുമായിരുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട വിജയന്റെ പഞ്ചായത്തിൽ നടന്ന കാര്യമാണ്. അതുകൊണ്ട് അദ്ദേഹത്തിനുകൂടി രണ്ടു വാക്കു പറയാനുള്ള അവസരം കൊടുക്കണം.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, രണ്ടു മൂന്നു പേർ അടിയന്തിരപ്രമേയത്തിനു നോട്ടീസു കൊടുത്താൽ എല്ലാവർക്കും അതേപ്പറ്റി സംസാരിക്കാനൊക്കുകയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, സ്വന്തം പഞ്ചായത്തിലെ ആളുകൾ മരിച്ച സംഭവത്തെക്കുറിച്ചു രണ്ടു വാക്കു പറയുന്നതിനെന്താണ് കുഴപ്പം?

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, അദ്ദേഹംകൂടി നോട്ടീസ് കൊടുത്തതാണ്, അദ്ദേഹത്തിനുകൂടി സംസാരിക്കാൻ അവസരം കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ആളുകളുടെ മരണം സാങ്കേതികമായ കാരണങ്ങളായി മായ്ച്ചു കളയാനാണുദ്ദേശിക്കുന്നത്.

ശ്രീ. കെ. കരുണാകരൻ: സർ, ഇത് സ്റ്റേറ്റൊട്ടാകെയുള്ള ഒരു പ്രശ്നമായിത്തീർന്നിരിക്കുകയാണ്. അതുകൊണ്ട് പാർട്ടിയിലുള്ള ഒരാൾ പോയിൻറൗട്ടു ചെയ്യുന്നതിൽ വിരോധമില്ല. ഭരണ കക്ഷിയെന്നോ പ്രതിപക്ഷമെന്നോ ഉള്ള വ്യത്യാസമില്ലാതെ ഈ പ്രശ്നത്തെ കാണേണ്ടതാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. അടിയന്തിര പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തരും സംസാരിക്കുക എന്നു പറയുന്നതു ശരിയാകുകയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായമെന്താണ്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, അടിയന്തിര പ്രമേയത്തിന് പല മെമ്പർമാർക്കുമുടി നോട്ടീസു കൊടുത്താൽ അവരോരോരുത്തരും സംസാരിക്കുക എന്നത് നിയമം അനുവദിക്കാറില്ല. അതുകൊണ്ടാണ്. അല്ലാതെ ഇക്കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട വിജയനോ ബഹുമാനപ്പെട്ട രാമകൃഷ്ണനോ സംസാരിക്കുന്നതിൽ എതിർപ്പുള്ളതുകൊണ്ടല്ല. സഭയുടെ നടപടിക്രമമനുസരിച്ചു ഒരിക്കൽ അങ്ങനെ സംഭവിച്ചാൽ മേലിലും നാലഞ്ചു പേർ ഇങ്ങനെ നോട്ടീസു കൊടുത്താൽ എല്ലാവർക്കും സംസാരിക്കാൻ അവസരം കൊടുക്കേണ്ടിവരും. അങ്ങയ്ക്കു തന്നെയും അങ്ങനെ ഒരഭിപ്രായമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ സംഭവം സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളും മനസ്സിലാക്കുന്നുണ്ട്. ഈ കാര്യത്തിൽ നമ്മൾ തമ്മിൽ തർക്കമില്ല. അങ്ങനെ തർക്കമുണ്ടെന്നു ദയവു ചെയ്തു വിചാരിക്കരുത്. ഞാൻ പല പ്രാവശ്യം ഈ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണത്. അതുകൊണ്ട് ദയവുചെയ്ത് അങ്ങനെ ഒരു പ്രശ്നമാക്കി മാറ്റരുതെന്നു ഞാൻ അപേക്ഷിക്കുകയാണ്. ഈ കാര്യത്തിൽ ഗവൺമെൻറ് സത്വരമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നാണ് ഞാൻ അവകാശപ്പെടുന്നത്. സർ, ചെറിയ സംഭവങ്ങൾ അവിടെയുമിവിടെയും നടക്കുന്നുണ്ട്. ഈ രാജ്യത്ത് ആയുധ പരിശീലനം നേടിയ ആയുധമേന്തിയ കുറേ ആളുകളുണ്ട്. അവർ ആർ. എസ്. എസ്. കാരാണ്. അത് അവരുടെ ഒരു സ്ഥിരം പരിപാടിയാണ്. മറ്റു ഒരു രാഷ്ട്രീയ പാർട്ടിക്കും ഗ്രൂപ്പിനും ഇല്ലാത്ത ഒരു പരിപാടി അവർക്കു മാത്രമാണുള്ളത്. ആ ആയുധപരിശീലനം പാടില്ലെന്നാണ് ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളത്. അതു നടക്കുന്നതിനെതിരായി ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഞാൻ ഈ സഭയിൽ മുമ്പു സൂചിപ്പിച്ചതുപോലെ ആ നടപടികൾകൊണ്ട് പരിപൂർണ്ണമായി ഈ ആയുധ പരിശീലനം അവസാനിച്ചു എന്നു ഞാൻ അവകാശപ്പെടുന്നില്ല. അവരിപ്പോൾ അഭയം തേടിയിട്ടുള്ളത് ക്ഷേത്ര പരിസരങ്ങളിലാണ്. അതും എങ്ങനെ നേരിടുമെന്ന കാര്യത്തെപ്പറ്റി ഗവൺമെൻറ് ആലോചിക്കുകയാണ്. ഈ നാട്ടിലെ സമാധാന കാംക്ഷികളായ മുഴുവൻ ജനങ്ങളും ഇത്തരം അപലപനീയമായ പ്രവൃത്തിയെ എതിർക്കണമെന്നും പൊതുജനാഭിപ്രായം സൃഷ്ടിക്കണമെന്നും അതിൽക്കൂടി ഗവൺമെൻറ് അക്രമങ്ങൾക്കും കൊലപാതകങ്ങൾക്കും എതിരായ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ നടപടികളും സ്വീകരിക്കുമെന്നും ഞാൻ ഈ സഭയ്ക്കു വീണ്ടും ഉറപ്പു നൽകുകയാണ്. ഈ സംഭവം ഉണ്ടായതിനെത്തുടർന്ന് ഉടൻ തന്നെ ഐ. ജി. യും ബഹുമാനപ്പെട്ട മന്ത്രിയും അതേപ്പറ്റി അന്വേഷിച്ചു. ഞാനും ഇന്നലെ വൈകുന്നേരം അതേപ്പറ്റി അന്വേഷിച്ചു. ഉടൻ തന്നെ കണ്ണൂർ കലക്ടർക്കും ഡി. എസ്. പി. ക്കും ആവശ്യമായ നിർദ്ദേശങ്ങളും കൊടുത്തു. അവർ സ്ഥലത്തു പോയി നടപടി എടുത്തു. ഇത്തരം സംഭവങ്ങളും ആവർത്തിക്കാതിരിക്കാൻ വളരെ ജാഗ്രതയോടുകൂടിത്തന്നെ നടപടി സ്വീകരിക്കുന്നുണ്ട്. ആർ. എസ്. എസ്. നോടും അവരുടെ ആയുധപരിശീലനത്തോടുമുള്ള സമീപനമെന്താണെന്ന കാര്യത്തിൽ സംശയമേ വേണ്ട, അതിനെ കർശനമായി നേരിടുക തന്നെ ചെയ്യും.

ശ്രീ. പിണറായി വിജയൻ: ഇങ്ങനെയുള്ള തത്വങ്ങളും മാത്രം പറഞ്ഞതുകൊണ്ടു യാതൊരു വിശേഷവുമില്ല. പ്രായോഗികമായ യാതൊരു നടപടിയും ഇതുവരെ എടുത്തിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. സംഘർഷത്തിന്റെ പേരിലാണ് ഒരാളെ കൊല ചെയ്യപ്പെട്ടത് എന്നാണിവിടെ പറഞ്ഞത്. അവിടെ ഒരു സംഘർഷവും ഉണ്ടായില്ല. പണിയും കഴിഞ്ഞു തിരിച്ചു പോയപ്പോഴാണ് പത്തു പതിനഞ്ചാളുകളും പതിയിരുന്നു കൊല ചെയ്തത്. വൽസൻ, വാസു, രാമൂട്ടി, സുരേന്ദ്രൻ എന്നീ നാലാളുകളും അവിടത്തെ അറിയപ്പെടുന്ന ആർ. എസ്. എസ്. കാരാണ്. ബാക്കി അഞ്ചെട്ടാളുകളും ഇറക്കുമതി ചെയ്യപ്പെട്ടവരാണ്. ഇവരാണ് പതിയിരുന്നാക്രമിച്ചത്. ആർ. എസ്. എസ്. ന് ഒരു പ്രത്യേക കൊലയാളി സംഘം ഉണ്ട്. ആ സംഘമാണ് കൊല ചെയ്യുന്നത്. ആരെ കൊലപ്പെടുത്തണമെന്ന് അവർ നിശ്ചയിക്കും. എന്നിട്ട് അതിന് ആസൂത്രിതമായ പരിപാടികളും ഒപ്പിക്കും. അങ്ങനെ ആസൂത്രിതമായി നടന്ന ഒരു പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് ഈ കൊലയും നടന്നിട്ടുള്ളത്. അങ്ങനെ ഒരു കൊലയാളി സംഘം സംസ്ഥാനത്തു പ്രവർത്തിക്കുകയും ഇവിടെ കുറെ തത്വങ്ങളും ഉരുവിടുകയും ചെയ്തത് ഞങ്ങളും ആർ. എസ്. എസ്. നോട് ആദർശപരമായി എതിരാണ് എന്നു പറഞ്ഞതുകൊണ്ടു മാത്രമായില്ല. ഞാൻ കഴിഞ്ഞ പ്രാവശ്യം ആർ. എസ്. എസ്. ന്റെ പ്രവർത്തനത്തെപ്പറ്റി പറഞ്ഞപ്പോഴും പറഞ്ഞു ഇപ്പോഴും അവർ അമ്പലങ്ങളിലും മറ്റുമാണെന്ന് അവിടെ മാത്രമല്ല സർ, പല സ്ഥലങ്ങളിലും അവർ ആയുധ പരിശീലനം നടത്തുകയാണ്. ആളുകളും കാൺകെ ആയുധപരിശീലനം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ കൊലയാളി സംഘത്തെ പരിശീലിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആ കൊലയാളി സംഘത്തെ അമർച്ച ചെയ്യുന്നതിനു ഗവൺമെന്റിനു സാധിക്കാതെ വന്നാൽ അതിനുവേണ്ടി ആളുകളും ആയുധമെടുക്കേണ്ടിവരുന്ന ഘട്ടത്തിൽ അവരെ കുറ്റം പറഞ്ഞതുകൊണ്ടു കാര്യമില്ല.

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഇതുപോലെയുള്ള ഒരു ചർച്ചയല്ലെങ്കിൽപ്പോലും ഈ പ്രശ്നം സംബന്ധിച്ചു ഈ സഭയിൽ ഒരു ചർച്ച നടത്തുന്നതിന് തീർച്ചയായും ഗവൺമെന്റ് അനുകൂലമാണ്. അതിന് ഏറ്റവും എളുപ്പത്തിൽ ഒരു സന്ദർഭമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എപ്പോഴാണ് ആ ചർച്ച നടത്താൻ പോകുന്നതെന്നുകൂടി പറയണം. ഗവൺമെൻറ് ഭാഗത്തുനിന്നും അവതരിപ്പിക്കാൻ തയ്യാറുണ്ടോ?

മി. സ്പീക്കർ: അതു നമുക്കു തീർച്ചപ്പെടുത്താം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എപ്പോഴാണ് ചർച്ച നടത്താൻ പോകുന്നത്. ഞങ്ങളം ഇവിടെ ഉന്നയിച്ച പ്രശ്നത്തിൻെറ ഗൗരവം ഗവൺമെൻറിനു ബോദ്ധ്യമായിട്ടുണ്ടോ എന്നറിയാൻ വേണ്ടിയാണ ചോദിക്കുന്നത്. അതേപ്പറ്റിയുള്ള വിവരമറിഞ്ഞിട്ടു വേണം, ബാക്കി കാര്യങ്ങളിലേക്കു കടക്കാൻ.

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട സ്പീക്കറുമായി ആലോചിച്ച് ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽവച്ച് തീരുമാനിക്കാം.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ഇത്തരം സംഭവങ്ങളം ആവർത്തിക്കാതിരിക്കുന്നതിനുവേണ്ടി നാട്ടിലെ നിയമസമാധാനപാലനത്തിനുവേണ്ടി ഗവൺമെൻറ് ഊർജ്ജിതമായ നടപടികളം കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കിയതിൻെറ അടിസ്ഥാനത്തിൽ ഈ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

IV. ശ്രദ്ധ ക്ഷണിക്കൽ

മുണ്ടക്കയം ടി. ആർ. ടി. കമ്പനി വക തോട്ടങ്ങളിലെ പണിമുടക്കിനെ സംബന്ധിച്ച്:

ശ്രീ. സി. എ. കുര്യൻ: മുണ്ടക്കയം മേഖലയിലെ ടി. ആർ. ടി. എസ്റ്റേറ്റു വക മാണിക്കൽ, ആനക്കുളം, കടമാൻകുളം, മണ്ണക്കണ്ടോളം, കുപ്പക്കയം, ഏനാപ്പാറ, മടമ്പ എന്നീ എസ്റ്റേറ്റുകളിലും മുണ്ടക്കയത്തെ കെ. വി. സഖറിയ ആൻറ് സൺസ് വക മേലോരം എന്ന എസ്റ്റേറ്റിലും കഴിഞ്ഞ 79 ദിവസങ്ങളിലായി തൊഴിലാളികളം പണിമുടക്കിലാണ്. ഇന്ന് ആ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ തൊഴിലാളി സംഘടനകളും യോജിച്ച് രാഷ്ട്രീയ പ്രസ്ഥാനം എന്നതിനു ഉപരി, തൊഴിലാളികളുടെ ആവശ്യങ്ങം ഉന്നയിച്ചുകൊണ്ട് സമരത്തിൻെറ പാതയിലൂടെ നീങ്ങുകയാണ്. അവർ ഉന്നയിച്ച പ്രധാനപ്പെട്ട ആവശ്യം 54 മുതൽ നമ്മുടെ രാജ്യത്ത് നിലവിലുള്ള പ്ലാൻേറഷൻ ലേബർ ആക്റ്റിലെ വ്യവസ്ഥകളം നടപ്പിലാക്കണമെന്നുള്ളതാണ്. കഴിഞ്ഞ 25 വർഷത്തിനു മുമ്പ് ഈ രാജ്യത്തുണ്ടായ, നിലവിലുള്ള നിയമം നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് തൊഴിലാളികളം പണിമുടക്കിൽ ഏർപ്പെട്ടിരിക്കുന്നത്. പ്ലാൻേറഷൻ ലേബർ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് ഉടമ തൊഴിലാളികൾക്കു ശുദ്ധജല വിതരണം നടത്തണമെന്നുണ്ട്. താമസ സൗകര്യം കൊടുക്കണമെന്ന് അതിൽ വ്യവസ്ഥയുണ്ട്. സൗജന്യമായി വൈദ്യസഹായവും കൊടുക്കണം. ഈ ആനുകൂല്യങ്ങളം തൊഴിലാളികൾക്കു പ്ലാൻേറഷൻ ലേബർ ആക്റ്റനുസരിച്ചു ലഭി

LIBRARY ARCHIVES Kerala Legislative Assembly